# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2402 — 05.11.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ആരംഭിച്ച പ്രവാസി ചിട്ടിയിൽ ചേരാൻ നാളിതുവരെയായി എത്രപേർ സന്നദ്ധത അറിയിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പ്രവാസി ചിട്ടിയിൽ ചേരാൻ നാളിതുവരെ 122219 പേർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് |
| (ബി) | ഈ ചിട്ടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | പ്രവാസി മലയാളികൾക്ക് അവരുടെ ജോലി സ്ഥലത്തിരുന്നു കൊണ്ട് തന്നെ ചിട്ടിയിൽ ചേരുന്നതിന് പരിപൂർണ്ണ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു മികച്ച സമ്പാദ്യത്തോടൊപ്പം പ്രവാസിച്ചിട്ടിയിൽ ചേരുന്നതിലൂടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ പങ്കാളിയാകുവാനും സാധിക്കുന്നു. ചിട്ടിയിൽ അടക്കുന്ന പണം നിശ്ചിത കാലയളവിലേക്ക് KIIFB യിൽ ബോണ്ടുകളായി നിക്ഷേപിക്കുന്നു. ഏതുസമയത്തും തിരിച്ചെടുക്കുന്ന രീതിയിൽ ആയതിനാൽ നിക്ഷേപകന്റെ സമ്പാദ്യത്തിനു പൂർണ സുരക്ഷിതത്വം ഉണ്ട്. ചിട്ടി സംഖ്യ ഒരു തടസ്സവും കൂടാതെ സമയത്തു തന്നെ കൊടുക്കുകയും ചെയ്യുന്നു. |
| (സി) | ഈ ഇനത്തിൽ എത്ര കോടി രൂപ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 2021 ൽ 10,000 കോടി രൂപയുടെ ചിട്ടി വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ